പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5461

24.05.2017 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| വിദ്യാഭ്യാസ വായ്പ എടുത്ത, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ സർക്കാർ പ്രഖ്യാപിച്ച വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും; എത്ര രൂപ സർക്കാരിന് ഇതിനുവേണ്ടി നീക്കി വെക്കേണ്ടി വരും; വിശദമാക്കാമോ ? | വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (എഡ്യൂക്കേഷൻ ലോൺ റീ-പേയ്മെന്റ് സപ്പോർട്ട് സ്കീം) പ്രഖ്യാപിച്ചിട്ടുണ്ട്. 16.05.2017 ലെ ജി.ഒ.(പി) നം. 65/2017/ധന ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>താഴെപ്പറയുന്ന രണ്ട് വിഭാഗത്തിൽപ്പെടുന്ന അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.<br>**എ(i) 9 ലക്ഷം രൂപ വരെ വായ്പകൾ അനുവദിച്ചിട്ടുള്ള നിഷ്ക്രിയ, ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾ (സ്റ്റാന്റേർഡ് അക്കൗണ്ടുകൾ)**<br>01.04.2016 ന് മുമ്പ് വായ്പാതിരിച്ചടവ് തുടങ്ങിയവർക്ക് മാത്രമേ തിരിച്ചടവ് സഹായം ലഭ്യമാകുകയുള്ളൂ. വായ്പാ തിരിച്ചടവ് അവധിക്കു ശേഷമുള്ള 01.04.2016 മുതലുള്ള വാർഷിക തിരിച്ചടവ് സർക്കാരും വായ്പയെടു |

ത്തയാളും കൂടിചേർന്ന് ചുവടെ വ്യക്തമാക്കിയിട്ടുള്ള അനുപാതത്തിൽ തിരിച്ചടവ് നടത്തുന്നതാണ്.

| വർഷം | വിഹിത അനുപാതം | |
|---|---|---|
| | സംസ്ഥാന സർക്കാർ | വായ്പയെടുത്തയാൾ |
| 1-ാം വർഷം | 90% | 10% |
| 2-ാം വർഷം | 75% | 25% |
| 3-ാം വർഷം | 50% | 50% |
| 4-ാം വർഷം | 25% | 75% |

**ii (എ) 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (എൻ.പി.എ) മാറിയിട്ടുള്ളതും 4 ലക്ഷം രൂപവരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾ**

വായ്പയെടുത്തയാൾ വായ്പാതുകയുടെ 40% മുൻകൂറായി അടക്കുകയും പ്രസ്തുത വായ്പയുടെ മേൽ ഈടാക്കിയ മുഴുവൻ പലിശയും ബാങ്ക് ഇളവ് ചെയ്തുകൊടുക്കുകയും ചെയ്യുന്ന പക്ഷം ബാക്കിവരുന്ന 60% സർക്കാർ നൽകിക്കൊണ്ട് ലോൺ ക്ലോസ് ചെയ്യുന്നതിന് വായ്പയെടുത്തയാളെ സർക്കാർ സഹായിക്കുന്നതാണ്.

**ii.(ബി) 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (എൻ.പി.എ) മാറിയിട്ടുള്ളതും 4 ലക്ഷത്തിന് മേൽ 9 ലക്ഷം രൂപവരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾ**

ഒരു സ്പെഷ്യൽ പാക്കേജിലൂടെ ഇത്തരം ലോൺ അക്കൗണ്ടുകൾ ക്ലോസുചെയ്യാൻ ബാങ്കുകൾ തയ്യാറാകുന്ന പക്ഷം കുടിശ്ശികയായ മുതലിന്റെ 50% (പരമാവധി 2,40,000 രൂപവരെ) സർക്കാർ സഹായം നൽകുന്നതായിരിക്കും. ബാക്കി നിൽക്കുന്ന വായ്പാ കുടിശ്ശിക

തിരിച്ചടയ്ക്കുന്നതിനായി, തിരിച്ചടവ് കാലാവധി അവശേഷിക്കുന്ന പക്ഷം, ബാങ്ക് വായ്പാ പുനഃക്രമീകരിച്ചു നൽകുന്നതായിരിക്കും. അല്ലാത്തപക്ഷം കുടിശ്ശിക നിൽക്കുന്ന തുക മുഴുവനായും വായ്പയെടുത്തയാൾ തിരിച്ചടക്കേണ്ടതാണ്.

- വായ്പയുടെ മേൽ ഈടാക്കിയ മുഴുവൻ പലിശയും ബാങ്ക് ഇളവ് ചെയ്തു കൊടുക്കുന്ന പക്ഷം വിദ്യാഭ്യാസവായ്പയുടെ കാലയളവിൽ മരണപ്പെട്ടുപോയതോ, അപകടം മൂലം ശാരീരികമായോ മാനസികമായോ വൈകല്യം നേരിടുകയോ ചെയ്ത വിദ്യാർത്ഥികളുടെ മുഴുവൻ വായ്പാ തുകയും സർക്കാർ നൽകുന്നതായിരിക്കും.
- അംഗീകൃത പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുന്നതാണ്.
- മാനേജ്മെന്റ് / എൻ.ആർ.ഐ ക്വാട്ട അംഗീകൃതമല്ലാത്ത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.
- മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരാണ്.
- ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

- ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ആദ്യത്തെ ഗ്രാജുവേറ്റ് / പോസ്റ്റ് ഗ്രാജുവേറ്റ് / ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

- 01.04.2016 ൽ വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ കവിയാത്ത, വായ്പയെടുത്ത വിദ്യാർത്ഥികൾക്കു മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% അംഗപരിമിതിയുള്ളവർക്ക് ഉയർന്ന വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

കുടുംബ വാർഷിക വരുമാനം, വായ്പാ പരിധി തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതിക്കുള്ള ആനുകൂല്യത്തിന് വിദ്യാർത്ഥികൾ അർഹരാകുന്നത്. ആയതിനാൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാകുന്ന മുറയ്ക്കു മാത്രമേ എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ